## വംശാനന്തര തലമുറ

### സീൻ 1

### തിരക്കഥ - 3 മിനുട്ട്

പകൽ

ക്ലാസ്സ് മുറി

(ബാലകുറുപ്പുമാഷ്, കുട്ടികൾ)

ബാലകുറുപ്പ് മാഷ് - നാളെ വരുമ്പോൾ എല്ലാവരും ഓരോ തവളയെ പിടിച്ച കൊണ്ടു വരണം. വലുത് വേണം.

കുട്ടികൾ - എന്തിനാ മാഷേ

ബാലകുറുപ്പ്- തവളയുടെ ശരീരശാസ്ത്രം പഠിപ്പിച്ചതാണ്.

### സീൻ 2

പിറ്റേ ദിവസം പകൽ

ക്ലാസ്സ് മുറി

(ബാലകുറുപ്പ് മാഷ്)

(എല്ലാവരും ഓരോ തവളയെ വീതം പിടിച്ചിരുന്നു. ഗോപിക്കുട്ടനാണ് വലിയ ഒരു പോത്താച്ചി തവളയെ പിടിച്ചിരുന്നത്)

മാഷ് -ആരാണ് വലിയ തവളയെ കൊണ്ടുവന്നത് (മാഷ് ഗോപിക്കുട്ടൻ പിടിച്ച തവളയെ കണ്ടു.)

ആ തവള തന്നെ ആയിക്കോട്ടെ, ഗോപിക്കുട്ട, നീ അതിനെ കൊണ്ടു വരൂ.

(മാഷും ഗോപികുട്ടനും തവളയുടെ കാലുകൾ കാർബോർഡിൽ ആണി കൊണ്ട് ഉറപ്പിച്ചു. ഓരോ ഭാഗങ്ങളും പഠിപ്പിച്ചു കൊടുക്കുന്നു. കുട്ടികൾ ബഹളം ഉണ്ടാക്കുന്നു.)

മാഷ് - എല്ലാവരും അതതു സ്ഥാനത്തു ചെന്ന് ഇരിക്കുക.

(മാഷ് പറഞ്ഞു തുടങ്ങി)

പരന്ന് വിസ്തൃതമായ ഇതാണ് തരുണാസ്ഥിതി. ഇത് ചിത്തവാഹി.

(അന്നന്റെ കരളി ട്രിപ്പികളും മലാശയത്തിന് ചുവടെ കണ്ട അവക്ഷിപ്തങ്ങളും കുട്ടികളെ രസിപ്പിച്ചു)

മാഷ് - ഗോപിക്കുട്ടാ ഇനി ഈ ശരീരം തുന്നിക്കെട്ടു.

(അവൻ ശ്രദ്ധയോടെ തവളയുടെ ശരീരം തുന്നിക്കെട്ടി.)

സീൻ 3

ഉച്ചസമയം

ക്ലാസ്സ് മുറി

(മാഷ്, ഗോപിക്കുട്ടൻ)

മാഷ് - കുളത്തിൽ തന്നെ ഈ തവളയെ വിട്ടേക്കൂ. ജീവിക്കുന്നേൽ ജീവിക്കട്ടെ

ഗോപിക്കുട്ടൻ - ശരി മാഷേ

(കുട്ടികൾ തവളെയും കൊണ്ട് ഘോഷയാത്ര പോയെ കടവിൽ പോകുന്നു. ഗോപിക്കുട്ടൻ തവളയെ വക്കിൽ വെക്കുന്നു. തവള കുളത്തിന്റെ അടിയിലേക്ക് പോകുന്നു.)

സീൻ 4

ഉച്ച സമയം

തവളയുടെ വീട്

(തവള ഭാര്യ, മക്കൾ)

(നിറയെ പൂപ്പലും, പൊട്ടിയർന്നതുമായ പടവുകൾക്കു കീഴെ വീട്ടിൽ നീന്തി എത്തുന്ന തവളയെ മക്കൾ കെട്ടിപ്പിടിച്ചു.)

ഭാര്യ - ഞങ്ങൾ പേടിച്ചു പോയി എവിടെയായിരുന്നു?

തവള - മക്കളേ

(മക്കൾ തലയുയർത്തി)

മഹത്തായ കർമ്മ നിർവ്വഹണത്തിന് ശേഷമാണ് ഞാൻ വരുന്നത്. എന്റെ ജീവിതം ധന്യമായിരിക്കുന്നു. അച്ഛന് ഇനി വിരമിക്കാമെന്ന് തോന്നുന്നു.

(അവർക്ക് ഒന്നും മനസ്സിലാവുന്നില്ല)

ഭാര്യ - നിങ്ങൾക്കെന്തു പറ്റി?

(ഭാര്യ തവളയെ ഒന്നു കുലുക്കി. തവളെ വേദന കൊണ്ട് നിലവിളിക്കുന്നു. ഭാര്യ ഭർത്താവിന്റെ മുറിവ് കാണുന്നു.)

തവള - ആ ക്ലാസ്സ് മുറിയിൽ നാൽപതോളം കുഞ്ഞുങ്ങൾക്ക് മുമ്പിൽ ഞാനൊരു പാഠ്യ വസ്തുവായി നിന്നു. കീറിമുറിക്കപ്പെട്ട ശരീരമായി, പാഠ്യോപകരണമായി കടക്കാൻ എനിക്ക് കഴിഞ്ഞു.

ഭാര്യ കരഞ്ഞ് തുടങ്ങി.

തവള -അരുത്, കരയരുത് . ഞാൻ ആഹ്ലാദിക്കുമ്പോൾ നിങ്ങൾ കരയുകയാണോ വേണ്ടത്?

(ഭാര്യ മുറിവിലേക്ക് നോക്കി മൂർച്ഛിച്ചു വീഴുന്നു.)

തവള - എന്റെ ജീവിതം വ്യർത്ഥമായില്ല. മഹത്തായ ദാനം കൊണ്ട് സർവ്വാശ്ലേഷിയായിത്തീർന്നിരിക്കുന്നു. ഒരു തവളയുടെ ശരീരശാസ്ത്രത്തിന്റെ അറിവുകളാകെ ആ കുഞ്ഞുമസ്തിഷ്കത്തിൽ നിറഞ്ഞിരിക്കുന്നു.

(തവള ഒന്ന് നിർത്തി......തുടർന്നു.)

എനിക്കിനി ജീവിക്കാനാവില്ല. ഞാനിതാ യാത്ര പറയുകയാണ്. നിങ്ങളെ അവസാനമായി കണ്ടുമരിക്കാൻ എന്നെ തിരിച്ചയച്ച ആ നിഷ്കളങ്കരായ കുട്ടികളോട് നിങ്ങൾ എന്നും കൂറുള്ളവരായിരിക്കണം.

(ഇത്രയും പറഞ്ഞുകൊണ്ട് തവള മരണമടയുന്നു. പെൺതവള പിന്നീട് എഴുന്നേറ്റില്ല. മക്കൾ അലമുറയിട്ട് കരയുന്നു.)

<u>സീൻ 5</u>

(ബാലകുറുപ്പ് മാഷ് ആലോചിക്കുന്നു.)

(കാലം കടന്നു പോയിരിക്കുന്നു. ഞാൻ പെൻഷൻ പറ്റി. ആ തവള കുഞ്ഞുങ്ങളെപ്പറ്റി ഒരറിവുമില്ല. ക്ലാസ്സിൽ അവരുടെ അച്ഛനെകീറിമുറിച്ച് ജീവശാസ്ത്രം പഠിച്ച കുട്ടികൾ പലതും കീറി മുറിച്ചു. ഇങ്ങനെ തന്നെ അവർ ചരിത്രത്തിൽ തുടരും. പിതാക്കളുടെ അന്നത്തെ വീര മൃത്യുവെ സ്മരിക്കുകയാവണം കൂട്ടായ കരച്ചിലൂടെ ഇന്നും പാടങ്ങളിലും കുളകരയിലും നാടുവാഴികളിലും വംശാനന്തര തലമുറ).

എന്റെ മലയാളം നമ്മുടെ മലയാളംബ്ലോഗ്